പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 6313

**20.11.2019** -ലെ മറുപടിയ്ക്ക്

## പരമ്പരാഗത് മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഗ്രാമീണ മേഖലയുടെ ജീവനാഡിയായിരുന്ന പരമ്പരാഗത തൊഴിലായ കൊല്ലപ്പണി, കളിമൺപാത്ര നിർമ്മാണം, ഈറ്റകൊണ്ടുള്ള ഉല്പന്ന നിർമ്മാണം എന്നിവ നിലവിൽ പ്രതിസന്ധിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ | എ) ഉണ്ട്. അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവും കൊല്ലപ്പണി, കളിമൺപാത്ര നിർമ്മാണം എന്നീ പരമ്പരാഗത തൊഴിൽ മേഖലകളിലേക്ക് പുതുതായി ആളുകൾ കടന്നുവരാത്തതും ഈ മേഖലയിൽ പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്. ഈറ്റ വന വിഭവം ആയതിനാൽ തൊഴിലാളികൾക്ക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഈറ്റ ഇപ്പോൾ ആവശ്യത്തിന് ലഭിക്കുന്നില്ല |
| ബി) പ്രസ്തുത പ്രതിസന്ധി മൂലം ഈ മേഖലയിൽ പണിയെടുത്തിരുന്ന നൂറുകണക്കിന് കുടുംബങ്ങൾ പട്ടിണിയിലും, ബുദ്ധിമുട്ടിലും ആണെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത മേഖലയിലെ തൊഴിലാളികളെ രക്ഷിക്കുവാൻ എന്ത് നടപടിയാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ? | ബി) കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ കൊല്ലപ്പണി, കളിമൺപാത്ര നിർമ്മാണം എന്നീ പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് അംഗങ്ങളാകാവുന്നതാണ്. അംഗങ്ങളാകുന്നവർക്ക് അർഹതയ്ക്കനുസരിച്ച് റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം മരണാനന്തരാനുകൂല്യം, അപകടാനുകൂല്യം, ശവസംസ്കാര ചെലവുകൾ, വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നിവ നൽകുന്നതാണ്. കൊല്ലപ്പണി, കളിമൺ പാത്ര നിർമ്മാണം തുടങ്ങിയ പരമ്പരാഗത മേഖലയിലെ തൊഴിൽ സംരക്ഷണത്തിന് ഗവൺമെന്റ് തലത്തിൽ പ്രത്യേക ആശ്വാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.<br><br>കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടെ സാമ്പത്തിക താങ്ങൽ ധനസഹായം വിതരണം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. ബോർഡ് ഫണ്ട് ഉപയോഗിച്ച് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും കുടിശ്ശിക തീർത്തു നൽകുവാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഈറ്റ തൊഴിലാളികൾക്ക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാൻ തൊഴിൽ പരിശീലനം നൽകുന്നതിന് ബോർഡിന്റെ 2019-20 ബഡ്ജറ്റിൽ 3 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ടി തുക ഉപയോഗിച്ച് പരിശീലന പരിപാടി നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന ബാംബൂ മിഷൻ, ഉറവ് വയനാട് എന്നിവരുടെ സഹകരണം തേടിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**